*Or No. 260/2018* *28/05/2018*

# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടതാണ് കോതമംഗലം രൂപത. വിമലഹൃദയം നമുക്ക് അഭയമാണ്, സംരക്ഷണമാണ്. വചനം സ്വീകരിച്ച് ഹൃദയത്തിൽ സംഗ്രഹിച്ച മറിയം നമുക്ക് മാതൃകയാണ്. തിന്മയെ ജയിക്കാൻ വിമല ഹൃദയത്തിന് പ്രതിഷ്ഠിക്കണമെന്ന സന്ദേശം അമ്മ ഫാത്തിമായിൽ വ്യക്തമായി നൽകുകയുണ്ടായി. വിമലഹൃദയത്തിന്റെ മാദ്ധ്യസ്ഥ്യം വ്യക്തികളുടേയും സമൂഹങ്ങളുടേയും രാജ്യങ്ങളുടേയും മാനസാന്തരത്തിനുള്ള വഴിതുറക്കും എന്ന് പ. അമ്മ ഉറപ്പു നല്കിയിട്ടുണ്ട്. വെല്ലുവിളികളും പ്രതിസന്ധികളും നാം നേരിടുന്ന ഈ കാലഘട്ടത്തിൽ അമ്മയുടെ വിമലഹൃദയത്തിന്റെ സംരക്ഷണം നമുക്ക് ശക്തമായ കോട്ടയായിരിക്കും. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം സ്വീകരിച്ചു നിർഭയം സാക്ഷ്യം വഹിക്കുവാൻ ശിഷ്യന്മാരെ ഒരുക്കിയ അമ്മയുടെ സഹായവും പ്രചോദനവും നവ്യമായ പന്തക്കുസ്താനുഭവത്തിലേക്ക് നമ്മെ നയിക്കും.

അമ്മയുടെ വിമലഹൃദയത്തിരുനാൾ ദിനം രൂപതാദിനമായി നാം ആചരിക്കുകയാണ്. ലളിതവും ഹൃദ്യവുമായ ആഘോഷമാണ് നമ്മൾ ഉദ്ദേശിക്കുന്നത്. കോതമംഗലം രൂപത സ്ഥാപിതമായിട്ട് 62 വർഷങ്ങൾ പിന്നിടുകയാണ്. കഴിഞ്ഞ നാളുകളിൽ നമുക്ക് ലഭിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും നന്ദി പറയുവാനും ദൈവത്തെ സ്തുതിക്കുവാനും കുടുംബാരൂപിയിൽ വളരുവാനും രൂപതാദിനാചരണം ഉപകരിക്കണം. പിറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കുവാനും ദൈവത്തിന് നന്ദി പറയുവാനും ഒത്തിരിയേറെകാര്യങ്ങളുണ്ട്. നമ്മുടെ രൂപതയിൽ 121 ഇടവകകളിലെ 45000 കുടുംബങ്ങളിലായി 213,000 കത്തോലിക്കാവിശ്വാസികൾ ഉണ്ട്. ഇപ്പോൾ 248 രൂപതാ വൈദികരും, 112 സന്യാസ വൈദികരും, വിവിധ മേഖലകളിലായി 2320 സിസ്റ്റേഴ്സും ഈ രൂപതയിൽ സേവനം ചെയ്യുന്നു. വിവിധ സെമിനാരികളിലായി 111 വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. നമ്മുടെ രൂപതയിലെ 212 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 63,128 വിദ്യാർത്ഥി–വിദ്യാർത്ഥിനികൾ പഠനം നടത്തുകയും 3286 പേർ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുകയും ചെയ്തു വരുന്നു. സാമൂഹ്യ സേവനരംഗത്ത് വളരെ പ്രസക്തമായ പ്രസ്ഥാനങ്ങളാണ് ജീവ മിൽക്ക്, ജീവ വാട്ടർ, ആശാകിരണം പദ്ധതി, കെയർ എ ഫാമിലി എന്നിവ. 2003 ൽ കോതമംഗലം രൂപതയുടെ ഭാഗമായിരുന്ന ഹൈറേഞ്ച് പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇടുക്കി ആസ്ഥാനമാക്കി ഒരു രൂപതയ്ക്ക് രൂപം നൽകുവാനും നമുക്കു സാധിച്ചു. കഴിഞ്ഞനാളുകളിൽ നമ്മുടെ രൂപതയെ നയിച്ച അഭിവന്ദ്യ മാർ മാത്യു പോത്തനാമൂഴി പിതാവിനെയും അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനെയും ബഹുമാനപ്പെട്ട വൈദികരെയും സന്യസ്തരെയും അല്മായ നേതാക്കളെയും നന്ദിയോടുകൂടി അനുസ്മരിക്കുവാനുള്ള ഒരവസരമാണ് ഈ രൂപതാദിനം.

2015–ൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയിൽ രൂപതയുടെ പ്രവർത്തനങ്ങളെ കൃത്യതയോടെ വിലയിരുത്തുകയും ഭാവികർമ്മപരിപാടികൾ രൂപപ്പെടുത്തുകയും ചെയ്യുകയുണ്ടായല്ലോ. നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന് സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി, യേശുവിന് സാക്ഷ്യമായി മുന്നേറുന്ന രൂപതാസമൂഹം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ എത്രത്തോളം നമുക്ക് സാധിച്ചു എന്ന് വിലയിരുത്തുന്നതിനും കൂടുതൽ തീവ്രതയോടെ ആ ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനും ഒരവസരമാകണം ഈ രൂപതാദിനാഘോഷം.

മാതാവിന്റെ വിമലഹൃദയത്തിരുനാൾ ദിനമായ ജൂൺ 9 ശനിയാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും വി. കുർബാനയെ തുടർന്ന് വിമലഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്. കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വച്ചായിരിക്കും രൂപതാതലത്തിലുള്ള ആഘോഷം. ഉച്ചകഴിഞ്ഞ് 2.30–ന് എല്ലാ വൈദികരും പങ്കുചേർന്നുള്ള സമൂഹബലിയോടുകൂടിയാണ് രൂപതാദിനാചരണം ആരംഭിക്കുക. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യസ്ത പ്രതിനിധികൾ, സംഘടനകളുടെ രൂപതാതല ഭാരവാഹികൾ, ഇടവകകളിലെ കൈക്കാരന്മാർ, പ്രത്യേക ക്ഷണിതാക്കൾ എന്നിവരാണ് പങ്കെടുക്കുന്നത്. സമൂഹബലിക്കുശേഷം കത്തീഡ്രൽ പാരിഷ് ഹാളിൽ സമ്മേളനവും, ലഘുഭക്ഷണവും ഉണ്ടായിരിക്കും. ശ്രദ്ധേയമായ സേവനം കാഴ്ചവച്ച ഏതാനും പേരെ സമ്മേളനത്തിൽ ആദരിക്കുന്നതാണ്. രൂപതാകുടുംബത്തെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന ഒരനുഭവമായി രൂപതാദിനാചരണം മാറുവാനും ഇത് ദൈവത്തിന് ഏറ്റവും പ്രീതികരമാകുവാനും നമുക്ക് പ്രാർത്ഥിക്കാം.

ഏവരെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട്,

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിങ്ങളേവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്,

മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ
കോതമംഗലം മെത്രാൻ

NB: ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും **ജൂൺ 3–ാം തീയതി ഞായറാഴ്ച** വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.